# പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 8405 25.07.2012-ൽ മറുപടി നൽകേണ്ടിയിരുന്നത്

## കെ.ടി.ഡി.സി.യുടെ ഹോട്ടലുകളിലെ സിനിമാ ഷൂട്ടിംഗ്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ | | ശ്രീ.എ.പി.അനിൽകുമാർ (പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കെ.ടി.ഡി.സി..യുടെ കീഴിലുള്ള ഏതെങ്കിലും ഹോട്ടലും പരിസരവും സിനിമയുടെ ഷൂട്ടിംഗിനായി നൽകിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ഹോട്ടലുകൾ എത്ര ദിവസത്തെ ഷൂട്ടിംഗിന് ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് നൽകിയിട്ടുള്ളത്; | (എ) | ഉണ്ട്. ഈ സർക്കാർ അധികാരമേറ്റ ശേഷം കെ.ടി.ഡി.സി.യുടെ കീഴിലുള്ള ബോൾഗാട്ടി പാലസ് പുൽത്തകിടിയിൽ ഒരു സിനിമയുടെ ചില സീനുകൾ ചിത്രീകരിക്കുന്നതിനായി 25.05.2012 മുതൽ 28.5.2012 വരെ ഈസ്റ്റ് കോസ്റ്റ് പ്രൊഡക്ഷന് നൽകിയിട്ടുണ്ട്. |
| (ബി) ബോൾഗാട്ടി പാലസ് ഗ്രൗണ്ടിന് കെ.ടി.ഡി.സി. ഈടാക്കുന്ന പ്രതിദിന വാടക എത്രയാണ്; | (ബി) | ബോൾഗാട്ടി പാലസ് ഗ്രൗണ്ടിന് പ്രതിദിന വാടക നിശ്ചയിച്ചിട്ടില്ല. |
| (സി) ഷൂട്ടിംഗിന് നൽകിയ ഇനത്തിൽ ഈ കാലയളവിൽ കെ.ടി.ഡി.സി.ക്ക് ലഭിച്ച വരുമാനം എത്ര; | (സി) | ഷൂട്ടിംഗ് ഇനത്തിൽ കെ.ടി.ഡി.സി.യ്ക്കു വരുമാനം കിട്ടിയിട്ടില്ല. |
| (ഡി) ഏത് ഉത്തരവിന്റെയടിസ്ഥാനത്തിലാണ് ബന്ധപ്പെട്ട ഹോട്ടൽ മാനേജർമാർ ഷൂട്ടിംഗിന് അനുമതി നൽകിയത്; വ്യക്തമാക്കുമോ ? | (ഡി) | കെ.ടി.ഡി.സി. ചെയർമാന്റെ നിർദ്ദേശമനുസരിച്ചാണ് നൽകിയത്. |

സെക്ഷൻ ഓഫീസർ